GREGORIAN

മരുഭൂമിയിലെ പരുമല


ST. GREGORIOS ORTHODOX CHURCH SHARJAH

PARISH BULLETIN





ESTD : 1979 Vol 08/2024 AUGUST 2024 / Pages 8



# വി. കന്യകമറിയാം ദൈവം ഇറങ്ങിവസിച്ച ദൈവാലയം

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രധാനപ്പെട്ട സംഭവങ്ങൾ എല്ലാം നാം മാറാനായ പെരുന്നാളായി ആചരിക്കുന്നു. മനുഷ്യാവതാരവുമായി ബന്ധപ്പെട്ടവ മാത്രമല്ല വി. കന്യക മറിയാമിന്റെയും, പരിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും ഓർമ്മകൾ പെരുന്നാളായി കൊണ്ടാടുന്നു. ദൈവം വന്നു വസിച്ച ജീവനുള്ള ദൈവാലയമാണ് കന്യകമറിയാം. ദൈവപുത്രനു മനുഷ്യപുത്രനാകാൻ മജ്ജയും മാംസവും പകുത്തുകൊടുത്ത ഇതിഹാസ വ്യക്തിത്വമാണ് കന്യകമറിയാം. പരിശുദ്ധന്മാരുടെ രാജ്ഞിയാണ് ദൈവപ്രസവിത്രിയായ കന്യകമറിയാം. അവളെ സ്മരിക്കുന്നതും, അനുസ്മരണം ആഘോഷമാക്കുന്നതും പുത്രൻതമ്പുരാനോടുള്ള ആദരവാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെയും വിധേയത്വത്തിന്റെയും പ്രകടനമാണത്.

ദൈവമാതാവിന്റെ ഇഹലോകജീവിതത്തിലെ സുപ്രധാന സംഭവങ്ങളെ ആഘോഷിക്കുന്നതിനും മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതിനും സഭ പല പെരുന്നാളുകളും ക്രമീകരിച്ചിട്ടുണ്ട്. മാർച്ച് 25, വചനിപ്പുപെരുന്നാൾ, ഡിസംബർ 26 പുകഴ്ചപെരുന്നാൾ, ജനുവരി 15 വിത്തുകളെപ്രതിയും, മെയ് 15 കതിരുകളെ പ്രതിയുമുള്ള പെരുന്നാൾ, ആഗസ്റ്റ് 15 വാങ്ങിപ്പുപെരുന്നാൾ, സെപ്റ്റംബർ 8 ജനനപ്പെരുന്നാൾ ഇവയെ കൂടാതെ പല പൂർവ്വിക സഭകളിലും മാതാവിന്റെ നാമത്തിൽ വിവിധ പെരുന്നാളുകൾ ആഘോഷിക്കുന്നു. ആഗസ്റ്റ് 15നു ആഘോഷിക്കുന്ന വാങ്ങിപ്പുപെരുന്നാളാണ് കന്യകമറിയാമിന്റെ നാമത്തിലുള്ള പെരുന്നാളുകളിൽ ഏറ്റവും പ്രധാനം. ആഗസ്റ്റ് 1 മുതൽ 2 ആഴ്ച നീണ്ടുനിൽക്കുന്ന വ്രതാനുഷ്ഠാനങ്ങൾക്കു ശേഷം ആചരിക്കുന്ന പെരുന്നാളെന്ന നിലയിൽ തന്നെ വാങ്ങിപ്പുപെരുന്നാളിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. സഭ വർഷംതോറും ആഘോഷിക്കുന്ന ഈ പെരുന്നാളുകൾ പഴയകാല സംഭവങ്ങളെ അനുസ്മരിക്കുന്നതിനുള്ള അവസരങ്ങൾ എന്നതിനെക്കാൾ സമകാലീനാനുഭവമായി ഉൾക്കൊണ്ട് സജീവരാകുവാനുള്ള നിമിത്തങ്ങളാണ്. ചരിത്രത്തിൽ ഒരിക്കലായി സംഭവിച്ച ദൈവപുത്രന്റെ രക്ഷാകരമായ പ്രവർത്തനങ്ങൾ വർത്തമാനകാല അനുഭവങ്ങളായി സാക്ഷാൽകരിക്കപ്പെടുകയാണ്. അത് നമുക്ക് കൃപയുടെ നീർച്ചാലുകളായി, അനുഗ്രഹമായി പരിണമിക്കുന്നു. കൂടാതെ കന്യകമറിയാമിനെ ഓർത്തു അവളുടെ പെരുന്നാളുകൾ ആഘോഷിക്കുന്നതു മൂലം അവളോടു കൂടെ സാദൃശ്യപ്പെടുവാനും നമുക്ക് സാധിക്കണം. നമ്മുടെ വ്യക്തിജീവിതത്തിൽ എപ്രകാരം അവളെപ്പോലെ സാദൃശ്യപ്പെടുവാൻ സാധിക്കും എന്ന് ചിന്തിക്കാം.

**1. വി. കന്യകമറിയാം ദൈവത്തിന്റെ സിംഹാസനമായിത്തീർന്നവൾ**

വി. കന്യകമറിയാം എല്ലാ മനുഷ്യരെപ്പോലെ ജനിച്ചവൾ എന്നുള്ളതാണ് പരിശുദ്ധ സഭയുടെ വിശ്വാസവും പഠിപ്പിക്കലും. സ്വർഗ്ഗസ്ഥ പിതാവിന്റെ സൃഷ്ടികളിൽ ഒരുവളായി സാധാരണയിൽ സാധാരണയായ മാതാപിതാക്കൾക്ക് മകളായി മറിയാം ഈ ലോകത്തിലേക്കു പിറന്നു. കന്യകമറിയാം വചനിപ്പിനെ തുടർന്ന് സ്വയം സാക്ഷിക്കുന്നു. 'ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. (വി. ലൂക്കോസ് 1:48). ഗബ്രിയേൽ മാലാഖ കന്യകമറിയാമിന്റെ അടുക്കൽ വചനിപ്പുമായി സമീപിക്കുമ്പോൾ അവൾ വിവാഹം നിശ്ചയിക്കപ്പെട്ട കന്യകയായിരുന്നു. മകനെ പ്രസവിച്ചു എങ്കിലും മറിയാം കന്യകയായിതന്നെ തുടർന്നുവെന്നതാണ് സഭയുടെ പാരമ്പര്യമായ വിശ്വാസം. വി. കുർബ്ബാനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. 'മാതാവില്ലാതെ മഹനീയനായ തന്റെ പിതാവിൽ നിന്ന് ജാതനാവുകയും, കാലത്തികവിൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് അവിവാഹിതയായ മാതാവിൽ നിന്ന് ശാരീരിക പിതാവില്ലാതെ ജനിക്കുകയും ചെയ്ത സ്വർഗ്ഗീയ കുഞ്ഞാടാണു 'ദൈവപുത്രനെന്ന്. അനുസരണത്തിലൂടെയും സമർപ്പണത്തിലുടെയും, ദൈവസ്നേഹത്തിലൂടെയും ദൈവപുത്രനെ ഉദരത്തിലേക്ക്, ഉണ്മയിലേക്ക് ഉൾക്കൊള്ളുവാൻ കന്യകമറിയാമിനു ഇടയായി. അങ്ങനെ നസ്രേത്തിലെ സാധാരണക്കാരിയായ ഗ്രാമീണ ബാലിക ദൈവത്തിനു വസിക്കുവാൻ തക്കവണ്ണമുള്ള സിംഹാസനമായി തീർന്നു. കന്യകമറിയാം ജീവിത വിശുദ്ധി കാത്തുസൂക്ഷിച്ചതിനാൽ പാപത്തിൽ നിന്നു അകന്നു ജീവിച്ചു. തന്റെ ശരീരവും മനസും ദൈവത്തിനു സമർപ്പിച്ച് പരിശുദ്ധമായി കാത്തുസൂക്ഷിച്ചു. പരിശുദ്ധനായ പൗലോസ് ശ്ലീഹാ കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു. 'നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? (1 കോരി. 3:16). വി. മൂറോൻ അഭിഷേകത്തിലൂടെ നാം പരിശുദ്ധ റൂഹായെ പ്രാപിച്ച് ദൈവത്തിന്റെ മന്ദിരമായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു. ആ മന്ദിരം കർത്താവിനു വസിക്കുവാൻ തക്കവണ്ണമുള്ള സിംഹാസനമായി വിശുദ്ധിയോടെ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കും ഉണ്ട്. അങ്ങനെ വി. കന്യകമറിയാമും വിശുദ്ധിയിലൂടെ കർത്താവിനെ സ്വീകരിക്കാനുള്ള ആലയമായി രൂപാന്തരപ്പെട്ടതു പോലെ കർത്താവിനു വസിക്കുവാനുള്ള സിംഹാസനമായി നമ്മെ രൂപാന്തരപ്പെടുത്താം.

**2. വി. കന്യകമറിയാം ദൈവഹിതത്തിനു വിധേയപ്പെട്ടവൾ**

ഒരു സാധാരണ സ്ത്രീയായി ജനിച്ച കന്യകമറിയാം ദൈവസുതന്റെ മാതാവാകാൻ തിരുഹിതമായതു അവളുടെ പ്രാർത്ഥനാജീവിതം മൂലമാണ്. മനുഷ്യരെ ദൈവികരാക്കുന്നതിനു സഹായിക്കുന്ന പ്രക്രിയയാണ് പ്രാർത്ഥന. ദൈവം വസിക്കുന്നത് സ്വർഗ്ഗത്തിലാണ് ഭൂമിയിൽ സ്വർഗ്ഗമായി തീരുന്നതിനുള്ള അനുഗ്രഹത്തിനു സ്വർഗസ്ഥപിതാവ് തിരഞ്ഞെടുത്ത അമൂല്യരത്നമാണ് കന്യകമറിയാം. ഈ ഒരു ഭാഗ്യം തന്റെ പ്രാർത്ഥനാജീവിതത്തിലൂടെ നേടിയെടുത്തതാണ്. കന്യകമറിയാം വിശ്വാസം, വിശുദ്ധി, വിനയം മുതലായവയോടൊപ്പം ദൈവഹിതത്തിനു സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ടവൾ ആയിരുന്നു. തന്മൂലം അവളുടെ പ്രാർത്ഥനയുടെയും മദ്ധ്യസ്ഥതയുടെയും ഫലപ്രാപ്തി വളരെ ശക്തമാണ്. മനുഷ്യരുടെയെല്ലാം പ്രാർത്ഥനയും മദ്ധ്യസ്ഥതയെല്ലാം ദൈവം കേൾക്കുകയും ഉത്തരമരുളുകയും ചെയ്യുന്നതായി പഴയനിയമകാലം മുതൽ കാണുവാൻ കഴിയും. ജീവിതവിശുദ്ധിയിലൂടെയും, സമർപ്പണത്തിലൂടെയും സ്വർഗ്ഗീയഹിതത്തിനനുകൂലമായി ജീവിച്ചവരുടെ അപേക്ഷകൾക്ക് ഉത്തരം നൽകുന്നവനാണ് സ്നേഹസമ്പന്നനും കരുണാസമ്പന്നനുമായ ദൈവം. ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏക മദ്ധ്യസ്ഥൻ ക്രിസ്തു മാത്രം മറ്റാർക്കും മനുഷ്യരെ സമ്പൂർണ്ണമായി ദൈവികരായി രൂപാന്തരപ്പെടുത്തുവാനോ വീണ്ടെടുത്തു രക്ഷിക്കുവാനോ സാദ്ധ്യമല്ല. ക്രിസ്തു ആവശ്യക്കാരുടെ അഭ്യർത്ഥനകളിൽ അലിവുതോന്നി അദ്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ അപേക്ഷപ്രകാരവും രോഗവിമുക്തി നൽകിയിട്ടുണ്ട്. ദൈവം ഏവരുടെയും അഭ്യർത്ഥനകൾ ശ്രവിക്കുകയും ഉത്തരമരുളുകയും ചെയ്യും. എങ്കിലും ഭക്തിയോടും, വിശുദ്ധിയോടും ദൈവഹിതമനുസരിച്ച് ഇവിടെ ജീവിച്ച ശേഷം നിത്യലോകത്തു ദൈവത്തോടു വസിക്കുമ്പോഴുള്ള വിശുദ്ധരുടെ പ്രാർത്ഥനകൾ സ്വർഗ്ഗത്തിനു ഏറെ സ്വീകാര്യയോഗ്യമാണ്. വി. മാതാവിന്റെ പുത്രസന്നിധിയിലുള്ള അഭ്യർത്ഥനകൾക്ക് ഉപേക്ഷ കൂടാതെ ദൈവപുത്രൻ ഉത്തരമരുളുമെന്നാണ് നമ്മുടെ ഉത്തമവിശ്വാസം. ദൈവഹിതം അറിഞ്ഞും ആരാഞ്ഞും അനുഷ്ഠിച്ചു ജീവിച്ച കന്യകമറിയാം അവിടുത്തെ ഹിതത്തിനനുസരിച്ചു മാത്രമേ പുത്രനോടർത്ഥിക്കുകയുള്ളു. മാതാവിന്റെ മദ്ധ്യസ്ഥതയുടെ ശക്തിയും ഫലസാദ്ധ്യതയും അതു വ്യക്തമാക്കുന്നു.



ദൈവത്തെ സമീപിക്കുവാനുള്ള അടിസ്ഥാനഘടകം വിശുദ്ധിയാണ്. 'ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ' (ലേവി. 19:2). ആ വിശുദ്ധി ദൈവമാതാവിൽ നിറഞ്ഞുകവിഞ്ഞു. തന്മൂലം ദൈവപുത്രൻ കന്യകയിൽ വസിക്കുവാനും ശരീരമെടുക്കുവാനും കാരണമായി. അത് അവൾ ദൈവഹിതത്തിനു വിധേയപ്പെട്ടതുകൊണ്ടു മാത്രമാണ്. വചനിപ്പിന്റെ സമയത്ത് കന്യകമറിയാം ഗബ്രിയേൽ മാലാഖയോടു പറയുന്നത്, 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ. നമുക്കും ദൈവഹിതത്തിനു നമ്മെത്തന്നെ സമർപ്പിക്കാം അതിനു മാതാവിന്റെ മദ്ധ്യസ്ഥത നമുക്കു കാവലായിരിക്കട്ടെ! ശൂനോയോ പെരുന്നാൾ സന്ധ്യാനമസ്കാരത്തിലെ ബോവൂസായിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു. "കന്യക മാതാവേ! നിന്റെ വിശുദ്ധാവസ്ഥയെയും ഭാഗ്യാവസ്ഥയെയും സന്തോഷത്തോടു കൂടി മഹത്വപ്പെടുത്തുവാനും നിന്നോട് സാദൃശ്യപ്പെടുവാനും നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് സഹായമായിരിക്കണമെ. 'അങ്ങനെ വി. കന്യകമറിയാമിന്റെ ഓർമ്മയിലൂടെയും പെരുന്നാൾ അനുഷ്ഠാനത്തിലൂടെയും അവളെപ്പോലെ ദൈവം വസിക്കുന്ന വി. ആലയങ്ങളായി രൂപാന്തരപ്പെടുവാനും, ദൈവഹിതത്തിനു നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിച്ച് അവളെപ്പോലെ സാദൃശ്യപ്പെടുവാൻ ഇടയാകട്ടെ. പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

**വന്ദ്യ: ഫീലിപ്പോസ് റമ്പാൻ** (ജ്യോതിസ് ആശ്രമം, രാജസ്ഥാൻ)

ഗ്രീഗോറിയൻ
ഓഗസ്റ്റ് – 2024

കർക്കിടകം 1199 : ചിങ്ങം 1200

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

ഗ്രീഗോറിയൻ
(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
ലക്കം : 08/2024

റവ. ഫാ. ഡോ. അഡ്വ. ഷാജി ജോർജ്ജ്
(വികാരി)

റവ. ഫാ. ജിജോ തോമസ് പുതുപ്പള്ളി
(സഹ. വികാരി)

ശ്രീ. തോമസ് തരകൻ എം. ഒ.
(ഇടവക ട്രസ്റ്റി)

ശ്രീ. ബിനു മാത്യു
(ഇടവക സെക്രട്ടറി)


ശ്രീ. ജോബിൻ വർഗ്ഗീസ്
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

ശ്രീ. ജോജി റ്റി. മാത്യു
(ഇടവക പ്രതിനിധി)


പ്രസാധകർ
ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവക
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
*Email : gulfparumala@gmail.com*

*Vicar's Message*



# LET US PRACTICE CHARITY IN TRUE SENSE AND SPIRIT



Greetings to you. Let us be thankful to God, for all the providence and care. Every moment is a gift from Him and let us pray with humility for abundant blessings. The month of August is very special for us, specially we commemorate the assumption of St. Mary (Shoonoyo Perunal) and as Indians we celeberate the Independence of our country, we commemorate the freedom struggle of our great forefathers. We salute them and accept their great leadership.

When we observe the Shoonoyo Nombu, I would like to note down three concepts or titles used for St. Mary, as per the traditions in ancient days. The traditions of the church heralds three titles for St. Mary. Let us have a brief outlook on these. The scholars used the terminology as Anthropotokos, Christotokos and Theotokos.

Anthropotokos - the bearer of human being. The scholars who have the opinion that God, by birth was only a human being, but later the divinity is added. Sometime one nature is overpowered by the other.

Christotokos – means the bearer of Christ.

Theotokos – means the bearer of God, where the divinity and humanity are combined and not created a new character and neither overpowered each other. This is the faith we carry forward. We commemorate St. Mary as mother of God and seek intercession for God's Grace.

In this bulletin, I would like to draw your attention on a general theme as let us practice charity in its true sense and spirit. In recent times, we have seen many organizations and individuals voluntarily come forward to perform commendable relief work and charity. In essence, charity is willingly extending a helping hand to the needy and deprived.

In common parlance, a charitable disposition is deemed noble. However the intentions of the doer determine the genuineness and sublimity of the act. The Holy Scriptures heralds that your actions will be judged by your intentions. Charity performed for self-aggrandizement, name fame or vested interests gets relegated to a mere selfish act, generating limited benefits to others.

True charity is inspired by compassion and altruism. It is a deep, driving desire to serve others and alleviate their misery. Charity can be elevated to a lofty, spiritual plane only if it leads to a significant reduction in one's ego and doership. If we are in the fortunate position of reveling in material abundance and out of profound gratitude to the supreme, we choose to share our wealth with our underprivileged fellow beings, acknowledging ourselves to be His chosen vehicle – such acts can rightly be tagged as sublime.

Hence, my humble submission is that do the charity and help others with a prayerful and humble mind so that it will give us abundant blessings from the Almighty. Like the wedding in Cana, St. Mary's intercession will be a great fortress for us.

With Prayers
SHAJI ACHEN

# ഓർത്തഡോക്സ് വിശ്വാസവും
# കന്യകമറിയാമും



അഞ്ചാം നൂറ്റാണ്ടോടു കൂടി, കൃത്യമായി പറഞ്ഞാൽ എ.ഡി. 431 ലെ എഫേസൂസ് സുന്നഹദോസിനോടു കൂടിയാണ് യേശുക്രിസ്തുവിൻറ മാതാവായ കന്യകമറിയാമിന് ക്രിസ്തീയ വിശ്വാസത്തിലുള്ള ദൈവശാസ്ത്ര പരമായ സ്ഥാനത്തെക്കുറിച്ച് സഭ ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്. അതു വരെ, കന്യകമറിയാമിന് കർത്താവിന്റെ അമ്മ എന്ന നിലയിൽ സമർഹമായ ഒരു സ്ഥാനം സഭയിൽ ഉണ്ടായിരുന്നെങ്കിലും, അതിന്റെ ആഴമായ അർത്ഥത്തെക്കുറിച്ച് കാര്യമായ ചിന്തയൊന്നും ഉണ്ടായിരുന്നില്ല. ക്രിസ്തുവിനെ രണ്ടാമത്തെ ആദാമായി പ. പൗലോസ് ശ്ലീഹാ ചിത്രീകരിച്ചതുപോലെ മറിയാമിനെ രണ്ടാമത്തെ ഹവ്വയായും സഭയുടെ പ്രതീകവുമായും മറ്റും രണ്ടാം നൂറ്റാണ്ടു മുതൽ ചില ക്രിസ്തീയ ചിന്തകർ ചിത്രീകരിച്ചിട്ടുണ്ട്. എങ്കിലും സഭയുടെ ആരാധനാക്രമങ്ങളിൽ കന്യകമറിയാമിന് സ്ഥാനം ലഭിച്ചതും സഭ കന്യകയുടെ നാമത്തിലുള്ള പെരുന്നാളുകൾ ആഘോഷിക്കാൻ തുടങ്ങിയതും 5-ാം നൂറ്റാണ്ടിനു ശേഷമാണ്.

പൗരസ്ത്യസഭയുടെ വിശ്വാസത്തിൽ കന്യകമറിയാമിനെ ഒറ്റപ്പെട്ട വ്യക്തിയായി കരുതുന്നില്ല. കന്യകയുടെ സ്ഥാനം എപ്പോഴും ക്രിസ്തുവിനോടും സഭയോടും അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നു. ദൈവപുത്രനും മനുഷ്യരക്ഷകനുമായ ക്രിസ്തുവിനെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തെ ശക്തീകരിക്കുന്നതിനു വേണ്ടിയായിരുന്നു ആദിമ നൂറ്റാണ്ടുകളിൽ കന്യകമറിയാമിൽ നിന്നുള്ള ക്രിസ്തുവിൻറെ ജനനത്തെ സഭ ഊന്നിപ്പറഞ്ഞത്. ചില ഉദാഹരണങ്ങൾ നോക്കാം.

(1) പൗലോസ് ശ്ലീഹാ, 'ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി നിയോഗിച്ചയച്ചു' (ഗലാ. 4:4) എന്നു പറയുന്നത് കർത്താവിൻറെ മനുഷ്യത്വം യഥാർത്ഥവും പൂർണ്ണവുമായിരുന്നു എന്നു കാണിക്കുവാനാണ്.

(2) പരിശുദ്ധാത്മാവിൽ നിന്നും കന്യകമറിയാമിൽ നിന്നും ജനിച്ച ക്രിസ്തു' എന്നു രണ്ടാം നൂറ്റാണ്ടു മുതൽ സഭയുടെ വിശ്വാസപ്രമാണങ്ങളിൽ കർത്താവിനെക്കുറിച്ച് പറയുന്നു. ക്രിസ്തുവിൻറെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടിയായിരുന്നു ഈ പ്രയോഗം.

(3) 5-ാം നൂറ്റാണ്ടിൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിയോസ് ക്രിസ്തുവിലുള്ള ദൈവസ്വഭാവത്തെയും മനുഷ്യസ്വഭാവത്തെയും രണ്ടായിട്ട് വേർതിരിച്ച് ചിന്തിച്ചു. അതിൻറ ഫലമായി, മറിയാമിൽ നിന്ന് ജനിച്ചത് മനുഷ്യസ്വഭാവം അഥവാ മനുഷ്യൻ മാത്രമായിരുന്നെന്നും, ദൈവത്വം ഒരു സ്ത്രീയുടെ ഉദരത്തിൽ ഒൻപതു മാസം കിടന്നു ജനിക്കുകയും കഷ്ടപ്പെടുകയും ചെയ്തു എന്നു പറയുന്നത് ശരിയല്ലെന്നും അദ്ദേഹം വാദിച്ചു. ചുരുക്കത്തിൽ മറിയാമിനെ 'ദൈവമാതാവ്' അഥവാ 'ദൈവപ്രസവിത്രി' എന്നു വിളിക്കുക സാദ്ധ്യമല്ലെന്നും, മനുഷ്യനായ 'ക്രിസ്തുവിന്റെ മാതാവ്' എന്നു മാത്രം വിളിച്ചാൽ മതിയെന്നും നെസ്തോറിയോസ് പ്രഖ്യാപിച്ചു.

അലക്സാന്ത്രിയയിലെ പാത്രിയർക്കീസായിരുന്ന കുറിലോസിൻറ നേതൃത്വത്തിൽ സഭ ഈ ഉപദേശത്തോട് പ്രതിഷേധിച്ചു. 431-ലെ എഫേസൂസ് സുന്നഹദോസിൽ വച്ച് കന്യകമറിയാമിനെ, ദൈവത്തെ വഹിച്ചവൾ എന്ന അർത്ഥത്തിൽ ദൈവമാതാവ് (Theotokos) എന്നു വിളിക്കണമെന്ന് തീരുമാനിക്കുകയും നെസ്തോറിയ വിശ്വാസത്തെ വേദവിപരീതമായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ ബഹുമതി മറിയാമിന് നൽകിയതിൻറെ പുറകിലുള്ള ഉദ്ദേശ്യം വ്യക്തമാണ്. അതായത്, യേശു ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും അഭേദ്യമായി യോജിച്ചിരിക്കുന്നു എന്നും, മറിയാമിൽ നിന്ന് ജനിച്ച വ്യക്തി ഒരേ സമയം പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമായിരുന്നു എന്നും വ്യക്തമാക്കുന്നതിനുവേണ്ടിയാണ് മറിയാമിനെ 'ദൈവമാതാവ്' എന്നു വിളിക്കണമെന്ന് സുന്നഹദോസ് അനുശാസിച്ചത്. മുകളിൽപ്പറഞ്ഞ മുന്ന് ഉദാഹരണങ്ങളിലും മറിയാമിന് സഭ നൽകിയ സ്ഥാനം യഥാർത്ഥത്തിൽ യേശുക്രിസ്തുവിൻറ സ്ഥാനത്തെ അരക്കിട്ടുറപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. ഓർത്തഡോക്സ് സഭകൾ ഈ തത്വം ഒരിക്കലും വിസ്മരിച്ചിട്ടില്ല.

**ഇനിയും സഭയുമായി വി. മറിയാമിനെ എങ്ങനെ ബന്ധപ്പെടുത്തിയിരിക്കുന്നു എന്നു ചിന്തിക്കാം.** ഒരു സാധാരണ മനുഷ്യ സ്ത്രീയായിരുന്ന മറിയാമിനെയാണ് ദൈവം തൻറെ ഏകപുത്രൻറെ മാതാവായി തിരഞ്ഞെടുത്തത് എന്നു വേദപുസ്തകം വ്യക്തമാക്കുന്നു. ക്രിസ്തു ഒഴികെ പാപമില്ലാത്തവരായി ആരുമില്ല എന്ന് സഭ പഠിപ്പിക്കുമ്പോൾ, വി. കന്യകമറിയാം മനുഷ്യവർഗ്ഗത്തിലെ മറ്റംഗങ്ങളെപ്പോലെ തന്നെയായിരുന്നു എന്നു വ്യക്തമാണ്. 'അവളെ വിശുദ്ധീകരിച്ച് ദൈവം അവളിൽ ഇറങ്ങി വസിച്ചു' എന്ന് സഭ പഠിപ്പിക്കുന്നു. കന്യകമറിയാമിൻറെ അമലോൽഭവ സിദ്ധാന്തവും, അവൾക്ക് ജന്മപാപമുണ്ടായിരുന്നോ, കർമ്മപാപമുണ്ടായിരുന്നോ എന്നു തുടങ്ങിയ ചോദ്യങ്ങളും റോമൻ കത്തോലിക്കാ സഭയിൽ മാത്രമുള്ള പ്രശ്നങ്ങളാണ്. പൗരസ്ത്യസഭ ആ വിധത്തിലൊന്നുമല്ല കന്യകമറിയാമിനെക്കുറിച്ച് ചിന്തിച്ചത്.

കന്യകമറിയാമിനെ സഭയുടെ പ്രതീകവും പ്രതിനിധിയുമായിട്ടാണ് പൗരസ്ത്യ പാരമ്പര്യം എന്നും വീക്ഷിച്ചത്. 'ഇതാ, ഞാൻ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം പോലെ എനിക്കു ഭവിക്കട്ടെ' എന്നു പറഞ്ഞ് ദൈവവചനം സ്വീകരിക്കുകയും ദൈവേഷ്ടത്തിന് സ്വയം സമർപ്പിക്കുകയും ചെയ്ത മറിയാം സഭയുടെ മാതൃകയും പൂർവ്വരൂപവുമാണ്. കന്യകമറിയാം ക്രിസ്തുവിൻറ ശരീരമാകുന്ന സഭയിലെ ഒരംഗവും മറ്റുള്ള അംഗങ്ങളെപ്പോലെ ക്രിസ്തുവിലൂടെ മാത്രം രക്ഷിക്കപ്പെട്ട വ്യക്തിയുമാണ്. അതുകൊണ്ട് കത്തോലിക്കാസഭ പഠിപ്പിക്കുന്നതുപോലെ മറിയാമിനു ക്രിസ്തുവിനോടൊപ്പം 'സഹരക്ഷകത്വം' ഉണ്ടെന്ന് പൗരസ്ത്യ സഭകൾ പഠിപ്പിക്കുന്നില്ല. മറിയാമിനെ രണ്ടാമത്തെ ഹവ്വാ എന്നു വിളിച്ചതായി സൂചിപ്പിച്ചല്ലോ. ആദ്യത്തെ അനുസരണക്കേടു കാണിക്കുകയും ദൈവവചനത്തെ നിഷേധിക്കുകയും ചെയ്തതുമൂലം മനുഷ്യവർഗ്ഗത്തെ പാപത്തിനും മരണത്തിനും അടിമയാക്കിയെങ്കിൽ, രണ്ടാമത്തെ ഹവ്വാ (മറിയം) ദൈവവചനത്തോടുള്ള അനുസരണം മൂലം മനുഷ്യവർഗത്തെ രക്ഷയ്ക്കും ജീവനും ക്രിസ്തുവിലൂടെ അവകാശിയാക്കി എന്നാണതിൻറെ അർത്ഥം.

സുവിശേഷങ്ങളിൽ കന്യകമറിയാമിനെ പരാമർശിക്കുന്ന നാല് വേദഭാഗങ്ങളാണ് വി. മറിയാമിനെക്കുറിച്ചുള്ള സഭയുടെ വിശ്വാസത്തിനാധാരം. **ഒന്നാമതായി,** കന്യകയോടുള്ള വചനിപ്പ് (ലൂക്കോ. 1:28-38). എളിയ ഒരു പെൺകുട്ടി ദൈവവചനം സ്വീകരിച്ച് അത്യുന്നതമായ ഒരു സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. **രണ്ടാമതായി,** കാനാവിലെ കല്യാണവിരുന്നിൽ, മറിയാമിന്റെ അപേക്ഷയനുസരിച്ച് പുത്രനായ യേശു പ്രവർത്തിക്കുന്നു (യോഹ. 2:35). **മൂന്നാമതായി,** ഏതോ ഒരു സ്ത്രീ ആൾക്കൂട്ടത്തിൽ വച്ച് യേശുവിനോട് പറയുന്നു: 'നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ' (ലൂക്കോ. 11 : 27-28).

ഇത് മറിയാമിനെ പുകഴ്ത്തുകയാണ്. 'ദൈവവചനം കേട്ട് അനുസരിക്കുന്നവരാണ് ഭാഗ്യമുള്ളവർ 'എന്ന് കർത്താവ് മറുപടി പറയുന്നു. പക്ഷേ, പരോക്ഷമായി അതും മറിയാമിനെ പുകഴ്ത്തുകയാണ്. കാരണം പൂർണ്ണമായ അർത്ഥത്തിൽ ദൈവവചനം കേട്ട് അതനുസരിച്ചവരിൽ ഏറ്റവും മുമ്പിലാണ് വി. മറിയാം എന്നാണ് സഭ എന്നും പഠിപ്പിച്ചിരുന്നത്.

**നാലാമതായി,** ക്രൂശിൽ വച്ച്, തന്റെ മാതാവിനെ തൻറെ പ്രിയ ശിഷ്യനായ യോഹന്നാന്റെ സംരക്ഷണയിൽ ഏല്പിക്കുന്ന ഹൃദയസ്പർശിയായ ഭാഗം (യോഹ. 19: 26-27). ഈ വേദഭാഗങ്ങളിൽ വിളങ്ങുന്ന വി. കന്യകയുടെ സ്ഥാനം സഭ ഒരിക്കലും അവഗണിച്ചില്ല.

16-ാം നൂറ്റാണ്ടിൽ പാശ്ചാത്യ രാജ്യങ്ങളിലുണ്ടായ നവീകരണം സഭയുടെ പുരാതനമായ ഈ മനോഭാവത്തെ ചോദ്യം ചെയ്തു. അതിനുള്ള പ്രധാന കാരണം റോമൻ കത്തോലിക്കാ സഭ യഥാർത്ഥ പാരമ്പര്യത്തിൽ നിന്ന് വിട്ട് കന്യകമറിയാമിനെ യേശുക്രിസ്തുവിനോട് ഏതാണ്ട് തുല്യമാക്കുകയും, മറിയാമിനെ കേന്ദ്രമാക്കി ഒരുതരം 'വിഗ്രഹാരാധനയെ' പ്രോത്സാഹിപ്പിക്കയും ചെയ്തതാണ്. രണ്ടു പ്രധാന പെരുന്നാളുകളിൽ കന്യകമറിയാമിനെ പ്രത്യേകമായി നാം അനുസ്മരിക്കുന്നു; **വചനിപ്പ് പെരുന്നാളിലും വാങ്ങിപ്പ് (ശൂനോയോ) പെരുന്നാളിലും,** ഒന്നാമത്തെ പെരുന്നാൾ യഥാർത്ഥത്തിൽ സുവിശേഷത്തിൻറെ ആദ്യത്തെ പ്രഖ്യാപനത്തെ അനുസ്മരിക്കുന്ന കർത്താവിൻറ (മാറാനായ) പെരുന്നാളാണ്. രക്ഷകൻറെ ജനനത്തെക്കുറിച്ചുള്ള ആദ്യ പ്രഖ്യാപനം കേട്ട വി. മറിയാമിൻറ ഓർമ്മയും പ്രത്യേകമായി ആഘോഷിക്കപ്പെടുന്നു. രണ്ടാമത്തെ പെരുന്നാൾ (ഓഗസ്റ്റ് 15), കന്യകമറിയാമിന്റെ മരണത്തിൻറ ഓർമ്മയാണ്. സുറിയാനിയിൽ 'ശൂനോയോ' എന്ന പദം വിശ്വാസികളുടെ മരണത്തെ കുറിക്കുന്നതിനാണ് ഉപയോഗിക്കുന്നത്.

സെപ്റ്റംബർ 8-ാം തീയതി വി. മറിയാമിന്റെ ജനനപ്പെരുന്നാളായി ചില സ്ഥലങ്ങളിൽ ആഘോഷിക്കുന്നു. കന്യകമറിയാമിൻറ ജനനത്തിന് മറ്റുള്ള മനുഷ്യരുടെ ജനനത്തിൽ നിന്ന് യാതൊരു വ്യത്യാസവുമില്ല എന്ന കാരണത്താൽ പൗരസ്ത്യ പാരമ്പര്യത്തിൽ, ഈ പെരുന്നാളിന് കാനോനികമായ സ്ഥാനമില്ല. എട്ടുനോമ്പ് പാശ്ചാത്യസഭയിൽ നിന്ന് നമ്മുടെ നാട്ടിൽ ഇറക്കുമതി ചെയ്തതാണ്. സഭയുടെ പുരാതനമായ അഞ്ചു കാനോനിക നോമ്പുകളിൽ എട്ടു നോമ്പ് ഉൾപ്പെടുന്നില്ല. കന്യകയുടെ 'അമലോൽഭവം' (Immaculate Conception), 'സ്വർഗ്ഗാരോഹണം' (Assumption) എന്നിവ രക്ഷയ്ക്ക് ആധാരമായ വിശ്വാസ പ്രമാണമായി റോമൻ കത്തോലിക്കാസഭ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, പൗരസ്ത്യ സഭകൾ അവ വിശ്വാസപ്രമാണമായി അംഗീകരിക്കുകയോ, പ്രഖ്യാപനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

അപ്പോസ്തോലന്മാരേക്കാളും മറ്റ് പരിശുദ്ധന്മാരേക്കാളും ഉന്നതമായ സ്ഥാനമാണ് വി. മറിയാമിന് സഭയുടെ ആരാധനയിൽ നൽകുന്നത്. കാരണം മനുഷ്യനായിത്തീർന്ന ദൈവത്തെ വഹിക്കാനുള്ള അസുലഭ പദവി അവൾക്കാണ് ലഭിച്ചത്. ഇതുമൂലം മറിയാമിൻറ മദ്ധ്യസ്ഥതയ്ക്ക് പ്രത്യേകമായ പ്രാധാന്യം ക്രിസ്തുവിൻറ ശരീരമാകുന്ന സഭയിലെ ഒരംഗം എന്ന നിലയിൽ മറിയാമിനുവേണ്ടിയും മറ്റ് പരിശുദ്ധന്മാർക്കുവേണ്ടിയും നാം വി. കുർബ്ബാനയിൽ പ്രാർത്ഥിക്കുന്നുണ്ട് എന്ന് ഓർക്കേണ്ടതാണ്. ഇവിടെ പരസ്പരമുള്ള മദ്ധ്യസ്ഥതയും പ്രാർത്ഥനയുമെല്ലാം ഏകശരീരത്തിലെ അവയവങ്ങൾ എന്ന നിലയിലാണ്. പരസ്പരമുള്ള പ്രാർത്ഥന ഈ ശരീരത്തിന്റെ നിരന്തരമുള്ള ശ്വാസോച്ഛ്വാസമാണ്. വിശ്വാസികളായ വാങ്ങിപ്പോയവരും ലോകത്തിൽ ജീവിക്കുന്നവരും എല്ലാം സഭയാകുന്ന ശരീരത്തിലൂടെ ക്രിസ്തുവിന്റെ ജീവനിൽ പങ്കാളികളാകുന്നു. ക്രിസ്തുവിൻറ മഹത്വം മറ്റുള്ളവരേക്കാൾ കൂടുതൽ അനുഭവിച്ചറിഞ്ഞ് ദൈവാനുരൂപികളായവർ എന്ന നിലയിൽ മറിയാമിനും മറ്റ് വിശുദ്ധന്മാർക്കും നാം പ്രത്യേകമായ ബഹുമതി നൽകുന്നു.

കർത്താവിനെ വഹിച്ചതുമൂലം ഒരു സാധാരണ സ്ത്രീയായിരുന്ന വി. മറിയം അനുഭവിച്ച അത്യുന്നതമായ സ്വർഗീയ മഹത്വത്തിൽ സഭയും മനുഷ്യവർഗം മുഴുവനും പങ്കുചേരുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നു ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്നു. മറിയാം സഭയുടെ പ്രതീകവും മനുഷ്യവർഗത്തിൻറ പ്രതിനിധിയുമാകുന്നു.

ആയതിനാൽ പരിശുദ്ധ ദൈവമാതാവിന്റെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ചുള്ള ഈ നോമ്പ് ദിവസങ്ങളിലൂടെ പരിശുദ്ധ അമ്മയോട് കൂടുതൽ അടുക്കുവാനും പരിശുദ്ധ അമ്മയിലൂടെ ദൈവപുത്രനായ യേശുവിലേക്കും എത്തിച്ചേരുവാൻ നമുക്ക് ഇടയാകട്ടെ.

ഈ നോമ്പ് അനുഗ്രഹത്തിനാകട്ടെ

സ്നേഹപൂർവ്വം
**ജിജോ പുതുപ്പള്ളി അച്ചൻ**

# ഓഗസ്റ്റ് മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ


ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

ആഗസ്റ്റ് 1



പൗലോസ്
മാർ പക്കോമിയോസ്
പെരുനാട് ബഥനി ആശ്രമം

ആഗസ്റ്റ് 6



അലക്സിയോസ്
മാർ തേവോദോസിയോസ്
(പെരുനാട് ബഥനി ആശ്രമം)

ആഗസ്റ്റ് 15



മാർ ഇഗ്നാത്തിയോസ്
അബ്ദേദ് മശിഹാ
പാത്രിയർക്കീസ് ബാവാ
(കുർക്കുമാ ദയറാ)

ആഗസ്റ്റ് 19




ജോസഫ്
മാർ പക്കോമിയോസ്
മുളക്കുളം കാർമ്മേൽ
കുന്നുപള്ളി

ആഗസ്റ്റ് 24



തോമസ് മാർ
അത്താനാസിയോസ്
ഓതറ സെന്റ് ജോർജ്ജ് ദയറാ

ആഗസ്റ്റ് 31



മാത്യൂസ്
മാർ ഈവാനിയോസ്
കോട്ടയം പാമ്പാടി ദയറ

## വി. വേദവായന കുറിപ്പ്

ഓഗസ്റ്റ് 4 : പെന്തിക്കോസ്തിയ്ക്ക് ശേഷമുള്ള 11-ാം ഞായറാഴ്ച.
**(വി.മർക്കോസ് 6 : 7-13)**

ഓഗസ്റ്റ് 6 : കൂടാരപ്പെരുന്നാൾ (കർത്താവിന്റെ മറുരൂപപ്പെരുന്നാൾ)
**(വി. ലൂക്കോസ് 9 : 27-36)**

ഓഗസ്റ്റ് 11 : കൂടാരപ്പെരുന്നാളിനു ശേഷമുള്ള 1-ാം ഞായറാഴ്ച.
**(വി.മത്തായി 21 : 28-32)**

ഓഗസ്റ്റ് 15: വിശുദ്ധ ദൈവ മാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ
**(വി. ലൂക്കോസ് 11 : 27-36)**

ഓഗസ്റ്റ് 18: വാങ്ങിപ്പു പെരുന്നാളിനു ശേഷമുള്ള 1-ാം ഞായറാഴ്ച.
**(വി. മർക്കോസ് 10 : 35-45)**

ഓഗസ്റ്റ് 25: വാങ്ങിപ്പു പെരുന്നാളിനു ശേഷമുള്ള 2-ാം ഞായറാഴ്ച.
**(വി. ലൂക്കോസ് 11 : 9-20)**

## ഓബ് – ഓഗസ്റ്റ്

1. ശൂനോയോ നോമ്പ് (15 നോമ്പ്) ആരംഭം. രക്തസാക്ഷികളായ മർത്ത്ശ്മൂനിയുടെയും, ഏഴ് മക്കളുടെയും, ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ.
   പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 12-ാം ഓർമ്മ. (റാന്നി - പെരുനാട് ബഥനി ആശ്രമം).

4. **പെന്തിക്കോസ്തിക്കു ശേഷം പതിനൊന്നാം ഞായറാഴ്ച.**

6. **കൂടാരപ്പെരുന്നാൾ. (കർത്താവിന്റെ മറുരൂപപ്പെരുന്നാൾ).**
   മലങ്കരയുടെ ധർമ്മയോഗി അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 59-ാം ഓർമ്മ. (പെരുനാട് ബഥനി ആശ്രമം).

7. തെസലോനിക്യയിലെ വി. ദെമത്രിയോസിന്റെ ഓർമ്മ.
   യതിവര്യൻ യൗനാൻ കത്തനാരുടെ (അഞ്ചലച്ചൻ) ഓർമ്മ.

11. **കൂടാരപ്പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച.**

12. മാർ അസ്സസ്സായേൽ സഹദായുടെ ഓർമ്മ.

13. മീഖാ നിബിയുടെ ഓർമ്മ.

15. **വി. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ. (ശൂനോയോ പെരുന്നാൾ).**
    15 നോമ്പ് വീടൽ.
    ഇന്ത്യൻ സ്വാതന്ത്ര്യദിനം.
    മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ 109-ാം ഓർമ്മ. (കുർക്കുമാ ദയറാ).
    മർത്തമറിയം വനിതാ സമാജദിനം.
    കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുന്നാൾ.

16. മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്കോപ്പായുടെ 331-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).

18. **വാങ്ങിപ്പുപെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച.**

19. സകല നിബിയന്മാരുടെയും ഓർമ്മ.
    മാർ ലാബി ശ്ലീഹായുടെ ഓർമ്മ.
    ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 33-ാം ഓർമ്മ. (മുളക്കുളം കർമ്മേൽകുന്ന് പള്ളി).

20. മാർ ശമുവേൽ നിബിയുടെ ഓർമ്മ.
    സക്കറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ 1-ാം ഓർമ്മ. (ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമം).

24. മാർ മത്ഥ്യാസ് ശ്ലീഹായുടെ ഓർമ്മ.
    തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 6-ാം ഓർമ്മ. (ഓതറ സെന്റ് ജോർജ്ജ് ദയറാ)


25. **വാങ്ങിപ്പുപെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച.**

29. മാർ യോഹന്നാൻ മാംദാനായുടെ ശിര:ഛേദനത്തിന്റെ ഓർമ്മ.

31. പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 44-ാം ഓർമ്മ. (പാമ്പാടി മാർ കുറിയാക്കോസ് ദയറാ).

## 2024 ഓഗസ്റ്റ് മാസം – ഒറ്റനോട്ടത്തിൽ

2. വി.കുർബ്ബാന
3. വി.കുർബ്ബാന / പ്രാർത്ഥനാ യോഗം
4. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
5. കൂടാരപ്പെരുന്നാൾ, വി.കുർബ്ബാന
7. ഉപവാസ പ്രാർത്ഥന
8. പ്രാർത്ഥനാ യോഗം
9. വി.കുർബ്ബാന
10. വി.കുർബ്ബാന / വചന ശ്രുശ്രൂഷ
11. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
12. പ്രാർത്ഥനാ യോഗം
13. വചന ശ്രുശ്രൂഷ
14. ഉപവാസ പ്രാർത്ഥന / വി.കുർബ്ബാന
16. വി.കുർബ്ബാന
17. വി.കുർബ്ബാന /പ്രാർത്ഥനാ യോഗം
18. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
21. ഉപവാസപ്രാർത്ഥന
23. വി.കുർബ്ബാന
24. വി.കുർബ്ബാന /പ്രാർത്ഥനാ യോഗം
25. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
28. ഉപവാസപ്രാർത്ഥന /പ്രാർത്ഥനാ യോഗം
30. വി.കുർബ്ബാന
31. വി.കുർബ്ബാന



## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:15 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday | 6:15 pm | Evening Prayer |
| Evening | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Saturday | 4:30 am | Night Prayer, 5.15 am - Morning Prayer |
| | 5:45 am | Holy Qurbana |
| Other | 5.30 am | Night Prayer, Morning Prayer |
| Days | 7.00 pm | Evening Prayer |

## AREA PRAYER MEETINGS

| AREA | DAY OF THE MEETING | HOSTED BY |
|---|---|---|
| Rolla | 08/08/2024 Thursday 8.00 PM - 9.00 PM | Mr. Raju Thomas & Family (R-018) |
| Abu Shagarah | 03/08/2024 Wednesday 8.00 PM - 9.00 PM | Mr. Tity Wilson & Family (T-256), Mr. Rajankunju V.Thomas & Family<br>Mr. Parapallil P. Jose & Family (P-033) |
| Ajman Karama<br>Ajman Sanaiya | 17/08/2024 Saturday 8.00 PM - 9.00 PM | Mr. Roy George & Family (R- 070), Mr. Biju Issac & Family (B-028)<br>Mr. Joshi John & Family (J-296), Mr. Joseph John & Family (J-169) |
| Al Khazamia<br>B.M.W<br>Sharjah University | 28/08/2024 Wednesday 8.00 PM - 9.00 PM | Mr. Pappachan Alexander & Family (P-112) |
| Old Airport | 24/08/2024 Saturday 8.00 PM - 9.00 PM | Mr. Renjan Jacob & Family (R-202)<br>Mr. Bijo Thomas & Family (B-254)" |

## അപേക്ഷകൾ ക്ഷണിക്കുന്നു

### H.G JOB MAR PHILOXENOS MEMORIAL ENDOWMENT AND EDUCATIONAL AWARD
### CLASS X[th] MERIT AWARD

അഭി. ജോബ് മാർ പീലക്സിനോസ് മെമ്മോറിയൽ എൻഡോവ്മെന്റ് & എഡ്യൂക്കേഷണൽ അവാർഡിന് വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത അവാർഡിന്റെ 2024-ലെ ജേതാക്കളെ കണ്ടെത്തുന്നതിലേക്കായി അപേക്ഷയും MARKSHEET ന്റെ അറ്റെസ്റ്റഡ് കോപ്പിയും ചേർത്ത് 2024 സെപ്റ്റംബർ മാസം 30-ാം തീയതിക്കു മുൻമ്പായി പള്ളി ഓഫീസിലോ, ബഹുമാനപെട്ട വികാരിയച്ചന്റെ പക്കലോ നൽകേണ്ടതാണ്. I.C.S.E, CBSE & KERALA SYLLABUS - ൽ ഇന്ത്യയിലും യു.എ.ഇ യിലും പഠിച്ച ഏറ്റവും കൂടുതൽ മാർക്ക് / ഗ്രേഡ് വാങ്ങി 10[th] പാസ്സായ വിദ്യാർത്ഥികൾക്കായിരിക്കും അവാർഡ് അപേക്ഷകകർ UAE യിലെ ഏതെങ്കിലും ORTHODOX ഇടവകയിലെ അംഗമായിരിക്കണം അഭിവന്ദ്യ തിരുമേനിയുടെ പേരിലുള്ള ഷീൽഡും, Indian Rupees 25,000/- (ഇരുപത്തിഅയ്യായിരം) ആയിരിക്കും AWARD ആയി നൽകുന്നത്.

### H.G DR. PAULOSE MAR GREGORIOS BIRTH CENTENARY AWARD
### CLASS XII[th] MERIT AWARD

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഡൽഹി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയും, നമ്മുടെ ഇടവകയുടെ മുൻകാല ആത്മീയ സാരഥിയുമായിരുന്ന കാലം ചെയ്ത അഭിവന്ദ്യ DR. PAULOSE MAR GREGORIOS തിരുമേനിയുടെ പാവനസ്മരണക്കായി അദ്ദേഹത്തിന്റെ Birth Centerary Year ആയ 2022-ൽ മരുഭൂമിയിലെ പരുമലയായി അറിയപ്പെടുന്ന ഷാർജ ഇടവക അഭിവന്ദ്യ ഡോ പൗലോസ് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ 'BIRTH CENTENARY AWARD' എന്ന പേരിൽ ഇടവകിലെ Class XII Toppers നായി വിദ്യാഭ്യാസ അവാർഡ് നൽകുന്നു. പ്രസ്തുത അവാർഡിന്റെ 2024 ലെ ജേതാക്കളെ കണ്ടെത്തുന്നതിലേക്കായി നമ്മുടെ ഇടവകയിലെ Class XII th CBSE, ICSE, Kerala syllabus - ൽ ഏറ്റവും കൂടുതൽ മാർക്ക് / ഗ്രേഡ് വാങ്ങിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയും MARKSHEET ന്റെ അറ്റെസ്റ്റഡ് കോപ്പിയും ചേർത്ത് 2024 സെപ്റ്റംബർ മാസം 30-ാം തീയതിക്കു മുൻമ്പായി പള്ളി ഓഫീസിലോ, ബഹുമാനപെട്ട വികാരിയച്ചന്റെ പക്കലോ നൽകേണ്ടതാണ്. അഭിവന്ദ്യ തിരുമേനിയുടെ പേരിലുള്ള Memento യും Indian Rupees 25,000/- (ഇരുപത്തിഅയ്യായിരം) ആയിരിക്കും നൽകുന്നത്.

## UMM AL QUWAIN SERVICE

2024 ഓഗസ്റ്റ് 21 ബുധനാഴ്ച 7.00 PM ന് UAQ Prayer Hall ൽ വെച്ച് സന്ധ്യാനമസ്കാരവും തുടർന്ന് വിശുദ്ധകുർബ്ബാനയും നടത്തപ്പെടുന്നതാണ്.

LOCATION

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| B-457 | BEMIN PHILIP ABRAHAM | SRQ | 056-7235388 |
| J-813 | JACOB SAMUEL | AWK | 052-9149618 |
| J-814 | JINUMON BABU YOHANNAN | DXB | 054-4589533 |
| J-815 | JITHIN SHAJI | OAI | 050-6204663 |
| M-356 | MATHEW P V THOMAS | BMW | 050-4894629 |
| N-084 | NIDHUN KURIAKOSE | AKZ | 055-3065795 |
| N-085 | NIKHIL POLACHIRACKAL REJI | AJK | 050-8520364 |
| P-163 | PAUL VARGHESE | SJC | 050-2842614 |
| S-879 | SUJITH MANKUZHIYIL ABRAHAM | OAI | 055-6013271 |

ആത്മീയതയുടെ നിലാവെളിച്ചം.... വിശ്വാസഹൃദയങ്ങളിൽ
നിലക്കാത്ത നാദമായി മറ്റൊലികൊള്ളട്ടെ



മലങ്കരസഭ ഗുരുരത്നം

**ഫാ. ഡോ. ടി.ജെ ജോഷ്വാ (96)**

ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

1954 മുതൽ 2017 വരെ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ അധ്യാപകൻ ആയിരുന്നു. കാതോലിക്കാ ബാവ ഉൾപ്പെടെയുള്ള മെത്രാന്മാരുടെയും വൈദീകരുടെയും ഗുരുവായിരുന്നു. പ്രഭാഷകൻ, പുസ്തക രചയിതാവ് എന്നീ നിലകളിലും പ്രശസ്തനായിരുന്നു. ഇന്നത്തെ ചിന്താവിഷയം എന്ന പേരിൽ അദ്ദേഹത്തിന്റെ ലേഖന പരമ്പര ഏറെ ശ്രദ്ധേയമാണ്.

## ആദരാഞ്ജലികൾ

**സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, ഷാർജ**

## DIRECTORY UPDATION

ഇടവകയുടെ 2024 ലെ ഡയറക്ടറിയുടെ വിവരശേഖരണവും എഡിറ്റിങ്ങും അവസാന ഘട്ടത്തിലേക്ക് കടക്കുന്നതിനാൽ എല്ലാ ഇടവകാംഗങ്ങളും ഓഗസ്റ്റ് 31-ന് മുൻപായി തന്നെ ഇടവകയുടെ വെബ്സൈറ്റ് മുഖാന്തിരമോ ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോമിലൂടെയോ ഫോട്ടോ സഹിതം വിശദാംശങ്ങൾ നൽകേണ്ടതാണെന്ന് അറിയിക്കുന്നു.




ഇടവകയുടെ 2024ലെ കൊയ്ത്തുത്സവം (HARVEST FESTIVAL 2024) ഒക്ടോബർ മാസം ഇരുപതാം തീയതി ഞായറാഴ്ച നടത്തുവാൻ അഭ്യുദയകാംക്ഷികളുടെ യോഗം തീരുമാനിക്കുകയും, ഹാർവെസ്റ്റ് ഫെസ്റ്റിവൽ ലോഗോ 28/07/24 ഞായറാഴ്ച വിശുദ്ധ കുർബാനക്ക് ശേഷം പ്രകാശനം ചെയ്തു.

# MARTH MARIYAM VANITHASAMAJAM

- റെഗുലർ മീറ്റിംഗ് ഓഗസ്റ്റ് 11, 25 വി.കുർബാനയ്ക്കു ശേഷം നടത്തപ്പെടുന്നതാണ്.
- Medical cell ഓഗസ്റ്റ് 4, 18 തീയതികളിൽ വി. കുർബാനയ്ക്കു ശേഷം പ്രവർത്തിക്കുന്നതാണ്.



മർത്ത് മറിയം വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ മാർ കുര്യാക്കോസ് സഹദായുടെ മാതാവ് മാർത്ത് യൂലിത്തിയുടെ പെരുന്നാൾ ദിനമായ July 15 മുതൽ പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ദിനമായ August 15 വരെയുള്ള ദിവസങ്ങളിൽ അഖണ്ഡ വേദപുസ്തക പാരായണ മാസമായി ആചരിക്കുന്നു.



ഇടവക വികാരിയും പ്രസ്ഥാനം പ്രസിഡന്റുമായിരുന്ന **വന്ദ്യ ഫിലിപ്പ് എം. സാമുവേൽ കോർ എപ്പിസ്കോപ്പ അച്ചന്** യാത്രയയപ്പ് നൽകി.

# SUNDAY SCHOOL ANNOUNCEMENTS






ഇടവക വികാരിയും സൺഡേ സ്കൂൾ പ്രസിഡന്റുമായിരുന്ന **വന്ദ്യ ഫിലിപ്പ് എം. സാമുവേൽ കോർ എപ്പിസ്കോപ്പ അച്ചന്** യാത്രയയപ്പ് നൽകി.

# ORTHODOX MEDICAL FORUM (OMF)



ഇടവക വികാരിയും ഓർത്തഡോക്സ് മെഡിക്കൽ ഫോറം പ്രസിഡന്റുമായിരുന്ന **വന്ദ്യ ഫിലിപ്പ് എം. സാമുവേൽ കോർ എപ്പിസ്കോപ്പ അച്ചന്** യാത്രയയപ്പ് നൽകി.

# OCYM

- യുവജന പ്രസ്ഥാനം റെഗുലർ മീറ്റിംഗ് എല്ലാ ഞായറാഴ്ച്ചകളിലും വിശുദ്ധ കുർബാനയ്ക് ശേഷം ഉണ്ടായിരിക്കുന്നതാണ്
- യുവജനവാരത്തോടനുബന്ധിച്ചു ഇടവകയിലെ യുവജനങ്ങൾക്ക് വേണ്ടി 18/08/2024-ന് നാടൻ കായിക മത്സരങ്ങൾ നടത്തപ്പെടുന്നു.
- താല്പ്പര്യമുള്ളവർ OCYM കൗണ്ടറിൽ ബന്ധപ്പെടേണ്ടതാണ്. യുവജന പ്രസ്ഥാനത്തിന്റെ ചാരിറ്റി പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം 25.08.2024-ന് ഇടവകയിൽ വെച്ച് Food Sale നടത്തപ്പെടുന്നു.



മലങ്കര സഭയുടെ 8-ാം കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന **പരി: പൗലോസ് II ബാവായുടെ** ഓർമ്മയോടനുബന്ധിച്ചു പള്ളിയിൽ വെച്ച് അദ്ദേഹത്തിന്റെ ജീവിതത്തിലെ വിവിധ കാലഘട്ടങ്ങളിലെ ചിത്രങ്ങളുടെ പ്രദർശനവും, ഡോക്യുമെന്ററി പ്രദർശനവും നടത്തപ്പെട്ടു.



ഇടവക യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ OCYM PICNIC DHOW CRUISE JADDAF WATERFRONT -ൽ വെച്ച് നടത്തപ്പെട്ടു.



ഇടവക ശുശ്രൂഷയിൽ നിന്നും വിരമിക്കുന്ന നമ്മുടെ മുൻ ഇടവക വികാരിയും പ്രസ്ഥാനം പ്രസിഡന്റുമായിരുന്ന **വന്ദ്യ ഫിലിപ്പ് എം സാമുവേൽ കോർഎപ്പിസ്കോപ്പ അച്ചന്** യുവജനപ്രസ്ഥാനം ഷാർജ യൂണിറ്റിന്റെയും UAE സോണലിന്റെയും ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി.

# MGOCSM

MGOCSM and Sunday School will jointly conduct a Summer Camp on the 24th of August. The theme of this year's camp will be - BRO (Believe, Rise, Overcome).
This will be a fun-filled camp having interactive sessions with renowned speakers, games and various activities.
Requesting all student members to register and be part of a power-packed Summer Camp of 2024



# വയനാടിന്റെ ഉള്ള് പൊട്ടൽ : മരണം : 294



വയനാട് തേങ്ങുകയാണ്. ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ നിന്നും രക്ഷപ്പെടാൻ. ചെളിക്കുമ്പാരത്തിലകപ്പെട്ട ജീവനുകൾ ഇനിയും ഉണ്ടാകുമോ? പൊലിഞ്ഞു പോയ അനവധി ജീവിതങ്ങൾ. തീരാനോവായി മാറിയ ഉയർന്ന മരണസംഖ്യ. മനസിനും, ശരീരത്തിനും ഒരു പോലെ പരുക്കേറ്റ നൂറുകണക്കിനാളുകൾ. തോരാത്ത മഴയാൽ കുത്തിയൊലിച്ച് നിറം മാറി ഒഴുകിയ പുഴ. ഉരുൾ പൊട്ടലുകൾ വിതച്ച അടങ്ങാത്ത ഭീതിയിൽ പ്രദേശവാസികൾ. ചാലിയാർ പുഴയിൽ ഒഴുകി നടക്കുന്ന മൃതദേഹ ങ്ങൾ. ഓരോ മൃതദേഹം വരുമ്പോഴും പോയി ഉറ്റവരെ അന്വേഷിക്കുന്ന പ്രിയപ്പെട്ടവർ. ദുരന്തം ആർത്തുലച്ചു പാഞ്ഞ മുണ്ടക്കൈ ഗ്രാമം. നിനചിരിക്കാതെയുള്ള ഈ പ്രകൃതി ദുരന്തത്തിൽ നിന്നും വയനാട് മോചനം നേടണം. പ്രതികൂല കാലാവസ്ഥ വകവയ്ക്കാതെ രക്ഷാപ്രവർത്തനത്തിൽ ഇന്ത്യൻ സൈന്യം. രക്ഷാപ്രവർത്തനം നടത്തുന്നവർക്ക് കൂടുതൽ കരുത്തു ലഭിക്കട്ടെ. അതിനു അനുകൂലമായ സാഹചര്യവും ഒരുങ്ങട്ടെ. വയനാടിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്നു.

**പ്രാർത്ഥനകളോടെ, ഗ്രീഗോറിയൻ**






## ജൂലൈ മാസത്തിൽ ഇടവകയിൽ നടന്ന പ്രധാന പരിപാടികൾ



















# ശൂനോയോ നോമ്പ്

## വിശുദ്ധ ദൈവ മാതാവിന്റെ

# വാങ്ങിപ്പു പെരുന്നാൾ

**2024 ഓഗസ്റ്റ് 1 മുതൽ 15 വരെ**

വിശുദ്ധ കുർബ്ബാന | സന്ധ്യാ നമസ്കാരം | മദ്ധ്യസ്ഥ പ്രാർത്ഥന | ഗാന ശുശ്രൂഷ | വചന ശുശ്രൂഷ

### 01 AUGUST 2024

05.30 AM രാത്രി & പ്രഭാത നമസ്കാരം
07.00 PM സന്ധ്യാ നമസ്കാരം
07.45 PM മദ്ധ്യസ്ഥ പ്രാർത്ഥന

### 02 AUGUST 2024

05.30 AM രാത്രി & പ്രഭാത നമസ്കാരം
06.45 PM സന്ധ്യാ നമസ്കാരം
07.30 PM വിശുദ്ധ കുർബ്ബാന

### 03 AUGUST 2024

04.30 AM രാത്രി നമസ്കാരം
05.15 AM പ്രഭാത നമസ്കാരം
05.45 AM വിശുദ്ധ കുർബ്ബാന
07.00 PM സന്ധ്യാ നമസ്കാരം

### 04 AUGUST 2024

06.15 AM രാത്രി നമസ്കാരം
07.00 AM പ്രഭാത നമസ്കാരം
08.00 AM വിശുദ്ധ കുർബ്ബാന
06.15 PM സന്ധ്യാ നമസ്കാരം
07.00 PM വിശുദ്ധ കുർബ്ബാന

### 05 AUGUST 2024

05.30 AM രാത്രി & പ്രഭാത നമസ്കാരം

**കൂടാര പെരുന്നാൾ**

06.45 PM സന്ധ്യാ നമസ്കാരം
07.30 PM വിശുദ്ധ കുർബ്ബാന

### 06, 07, 08 AUGUST 2024

05.30 AM രാത്രി & പ്രഭാത നമസ്കാരം
07.00 PM സന്ധ്യാ നമസ്കാരം
07.45 PM മദ്ധ്യസ്ഥ പ്രാർത്ഥന

### 09 AUGUST 2024

05.30 AM രാത്രി & പ്രഭാത നമസ്കാരം
06.45 PM സന്ധ്യാ നമസ്കാരം
07.30 PM വിശുദ്ധ കുർബ്ബാന

### 10 AUGUST 2024

04.30 AM രാത്രി നമസ്കാരം
05.15 AM പ്രഭാത നമസ്കാരം
05.45 AM വിശുദ്ധ കുർബ്ബാന
06.45 PM സന്ധ്യാ നമസ്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന
07.45 PM ഗാന ശുശ്രൂഷ
08.00 PM **വചന ശുശ്രൂഷ**
റവ. ഫാ. എൽദോ പോൾ
(വികാരി, സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രൽ, അബുദാബി)
നേർച്ച

### 11 AUGUST 2024

06.15 AM രാത്രി നമസ്കാരം
07.00 AM പ്രഭാത നമസ്കാരം
08.00 AM വിശുദ്ധ കുർബ്ബാന
06.15 PM സന്ധ്യാ നമസ്കാരം
07.00 PM വിശുദ്ധ കുർബ്ബാന

### 12 AUGUST 2024

05.30 AM രാത്രി & പ്രഭാത നമസ്കാരം
06.45 PM സന്ധ്യാ നമസ്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന
07.45 PM ഗാന ശുശ്രൂഷ (മർത്ത്മറിയം സമാജം)
08.00 PM **വചന ശുശ്രൂഷ**
റവ. ഫാ. അഡ്വ. ഡോ. ഷാജി ജോർജ്ജ്
(വികാരി, സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, ഷാർജ്ജ)
നേർച്ച

### 13 AUGUST 2024

05.30 AM രാത്രി & പ്രഭാത നമസ്കാരം
06.45 PM സന്ധ്യാ നമസ്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന
07.45 PM ഗാന ശുശ്രൂഷ
08.00 PM **വചന ശുശ്രൂഷ**
റവ. ഫാ. ബിനോ സാമുവേൽ
(വികാരി, സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, ഫുജൈറ)
നേർച്ച

### 14 AUGUST 2024

05.30 AM രാത്രി & പ്രഭാത നമസ്കാരം
06.30 PM സന്ധ്യാ നമസ്കാരം
07.15 PM വിശുദ്ധ കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന
08.45 PM പ്രദക്ഷിണം
09.30 PM ആശീർവാദം, നേർച്ച

Private Circulation Only

**ST. GREGORIOS ORTHODOX CHURCH** - P. O. BOX 2229, SHARJAH, U.A.E.
Tel. (06) 5669622 (Office) / 5661765 (Vicar) Website : www.gulfparumala.com, e-mail: gulfparumala@gmail.com